ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ -ജയിലാസ്ഥാനകാര്യാലയം -ജീവനക്കാര്യം - ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, കൌൺസിലേഴ്സ് - പ്രവർത്തനം സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

പരാമർശം : 1.18/02.2021 തീയതിയിലെ സ.ഉ(കൈ) നം.54/2021 /ആഭ്യന്തരം നമ്പർ ഉത്തരവ്.
2.11.08.2021 13.08.2021 ,1.09.2021 തീയതികളിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ. E4-3811/2020/PrHQ; തീയതി : 16-09-2021**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ജയിലിലെ തടവുകാരുടെ മാനസിക പിരിമുറുക്കം,ഡിപ്രഷൻ മറ്റു തരത്തിലുള്ള മാനസീക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ജയിൽ വകുപ്പിൽ താൽക്കാലികമായി പ്രതിമാസ കരാർ വേതന വ്യവസ്ഥയിൽ തിരുവനന്തപുരം,വിയ്യൂർ,കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിൽ ഓരോ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരെയും തിരുവനന്തപുരം ,വിയ്യൂർ,കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിലും എറണാകുളം,കോഴിക്കോട് എന്നീ ജില്ലാ ജയിലുകളിലും ഓരോ കൌൺസിലർമാരെയും പരാമർശം (2) ലെ നിയമന ഉത്തരവ് പ്രകാരം നിയമിച്ചു. ടി ഉദ്യോഗസ്ഥരുടെ പ്രവർത്തന സമയം രാവിലെ 10 മണി മുതൽ 5 മണി വരെ ആയിരിക്കും. ദിനംപ്രതി ടി ഉദ്ധ്യോഗസ്ഥർ ചെയ്യുന്ന പ്രവർത്തനങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കൊൺസിലിംഗിന് വിധേയമായ ഓരോ അന്തേവാസിയുടെയും ഫയൽ പ്രത്യേകമായി തയ്യാറാക്കേണ്ടതും ഇതുസംബന്ധിച്ച് പ്രത്യേക നിരീക്ഷണമുണ്ടെങ്കിൽ അത് മെഡിക്കൽ ഓഫീസർ, വെൽഫെയർ ഓഫീസർ എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതും എല്ലാമാസവും ഫയൽ/രജിസ്റ്റർ സൂപ്രണ്ടിന് സമർപ്പിക്കേണ്ടതും, സൂപ്രണ്ട് ക്രോഢീകരിച്ച വിവരങ്ങൾ ജയിലാസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ടി ഉദ്ധ്യോഗസ്ഥർ സൂപ്രണ്ടിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥർക്ക് സുഗമമായ പ്രർത്തനത്തിനാവശ്യമായ ക്രമീകരണങ്ങളും സുരക്ഷയും അതാത് ജയിൽ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതാണ്.

Sd/-

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : 1.സൂപ്രണ്ട്,
സെൻട്രൽ പ്രിസൺ & ഹോം
തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ
2.സൂപ്രണ്ട്
ജില്ലാ ജയിൽ
എറണാകുളം/ കോഴിക്കോട്

E4-3811/2020/PrHQ 9834a2

പകർപ്പ് : ചീഫ് വെൽഫെയർ ഓഫീസർ (ആസ്ഥാനകാര്യാലയം)
TC3/ഒ.സി/എസ്.എഫ്